(ബി) 1. പന്തന

2. കുളക്കട

3. മൈനാഗപ്പള്ളി

4. നെടുവത്തൂർ

5. കുന്നത്തൂർ

6. ആര്യങ്കാവ്

7. ഏരൂർ

8. ചിതറ

9. പി.എ.യു.-3

(സി) ജില്ലയിൽ 2011 മാർച്ച് 31-ന് എൽ.ഡി. ക്ലാർക്ക് തസ്തികയിലെ വിരമിക്കൽമൂലം 2 ഒഴിവുകൾ പ്രതീക്ഷിക്കുന്നു. പ്രൊമോഷൻ വഴിയുള്ള ഒഴിവുകൾ കണക്കാക്കിയിട്ടില്ല.

കണ്ണൂർ കന്റോൺമെന്റ് ബോർഡിന് അനുവദിച്ച ആനുകൂല്യങ്ങൾ

199(1957) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ കന്റോൺമെന്റ് ബോർഡിന് ഈ ഗവൺമെന്റ് നിലവിൽ വന്നതിനുശേഷം എന്തെല്ലാം ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ബി) കണ്ണൂർ കന്റോൺമെന്റ് ബോർഡിന് റോഡ് മെയിന്റനൻസ് ഗ്രാന്റ് അനുവദിക്കണമെന്ന ആവശ്യത്തിനുമേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ;

(സി) സംസ്ഥാന ഗവൺമെന്റിന്റെ പദ്ധതികളുടെ ഗുണഫലം കണ്ണൂർ കന്റോൺമെന്റ് അതിർത്തിയിലെ ജനങ്ങൾക്ക് ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കണ്ണൂർ കന്റോൺമെന്റ് ബോർഡിന്റെ അധീനതയിലുള്ള റോഡുകളുടെ പുനരുദ്ധാരണത്തിനായി റോഡ് മെയിന്റനൻസ് ഫണ്ടിനത്തിൽ 2010-11 സാമ്പത്തിക വർഷം 14 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly